**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6380** **20-03-2023 - ൽ മറുപടിയ്ക്ക്**

**ജൈവ സമ്പത്ത് സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജൈവ സമ്പത്ത് സംരക്ഷിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലമായി വനവൽക്കരണത്തിൽ സംസ്ഥാനത്തിന് എത്രത്തോളം മുന്നേറാൻ കഴിഞ്ഞുവെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വനമേഖലയും അതിലുൾപ്പെടുന്ന ജൈവസമ്പത്തും സംരക്ഷിക്കുന്നതിനായി വനംവകുപ്പ് ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.<br><br>• # പരിസ്ഥിതി സന്തുലിതാവസ്ഥ വീണ്ടെടുക്കുന്നതിനായി വനപുന:സ്ഥാപന നയ രേഖ, സ.ഉ (കൈ) നം.29/2021/വനം, തീയതി 17.12.2021 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നടപ്പിലാക്കി വരുന്നു. സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനത്തിനായി വനഭൂമിയിൽ വെച്ചുപിടിപ്പിച്ചിട്ടുള്ള അക്കേഷ്യ പോലുള്ള വിദേശയിനം മരങ്ങൾ മുറിച്ചു മാറ്റി തദ്ദേശീയ വൃക്ഷങ്ങൾ വെച്ചു പിടിപ്പിക്കുന്നതിനുള്ള പദ്ധതി നബാർഡ് സ്കീം/ റീബിൾഡ് കേരള ഇനിഷ്യേറ്റീവ് പ്രോജക്ട് എന്നിവ വഴി അംഗീകരിച്ച് നടപ്പിലാക്കിവരുന്നു. ടി പദ്ധതിയുടെ ഭാഗമായി ഇതുവരെ ഉദ്ദേശം 965 ഹെക്ടർ വനഭൂമിയിൽ സ്വാഭാവിക വന പുനഃസ്ഥാപന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും ഉദ്ദേശം 2872 ഹെക്ടർ സ്ഥലത്ത് സ്വാഭാവിക വനപുനഃസ്ഥാപന പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയുമാണ്. കൂടാതെ പുഴകളുടെ തീരങ്ങളിൽ ഉദ്ദേശം 28,600 എണ്ണം വിവിധ ഇനത്തിൽപ്പെട്ട തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്<br><br># ശുഷ്കവനപ്രദേശങ്ങൾ ഉത്തമവനമാക്കുന്നതിനും പൂർവ്വസ്ഥിതിയിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. തേക്കുതോട്ടങ്ങളിൽ ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സ്വാഭവികമരങ്ങൾ |

| | | | |
|---|---|---|---|
| | | | വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ CAMPA പദ്ധതി മുഖേന സ്വീകരിച്ചുവരുന്നു. കൂടാതെ ഗ്രീൻ ഇൻഡ്യ മിഷൻ പോലുള്ള പദ്ധതികൾ പ്രകാരം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചുവരുന്നു.<br><br># വനം കൈയ്യേറ്റം തടയുന്നതിനായി സർവ്വെ ടീമിന്റെ സഹായത്തോടെ വനാതിർത്തി പുനർനിർണ്ണയിച്ച് സ്ഥിരം ജണ്ടകൾ സ്ഥാപിക്കൽ, പുതിയ കൈയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തി ആയത് ഒഴിപ്പിക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുക തുടങ്ങിയ പ്രവർത്തികൾ സ്വീകരിച്ചു വരുന്നു.<br><br># കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കിയും ആന്റി പോച്ചിംഗ് ക്യാമ്പ് ഷെഡുകൾ നിർമ്മിച്ചും, പട്രോളിങ്ങിനായി ഗതാഗത സൗകര്യം സുഗമമാക്കുന്നതിന്റെ ഭാഗമായി ട്രക്ക് പാത്തുകൾ യഥാസമയം നവീകരിച്ചും വനസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു.<br><br># വന്യജീവികളുടെ സംരക്ഷണത്തിനായി വനത്തിനകത്ത് ചെക്ക് ഡാമുകൾ , കുളങ്ങൾ എന്നിവ നിർമ്മിക്കുകയും യഥാസമയം അറ്റകുറ്റപ്പണികൾ നടത്തി വരികയും ചെയ്യുന്നു<br><br># കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ പ്രവർത്തനങ്ങൾ, പ്ലാന്റേഷൻ പ്രവർത്തനങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തുന്നതിനും, വിവരങ്ങൾ ലഭ്യമാക്കുന്നതിനും ഇ-ഗ്രീൻ വാച്ച് പോർട്ടൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ജൈവ സമ്പത്തിന്റെ പരിപോഷണ പ്രവർത്തനങ്ങൾക്ക് സുസ്ഥിരത കൈവരിക്കുന്നതിനായി ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ജൈവ സമ്പത്തിന്റെ പരിപോഷണത്തിനായി നടപ്പിലാക്കുന്ന വന പുനഃസ്ഥാപന പ്രവർത്തനങ്ങൾ ആരംഭ ഘട്ടത്തിലാണ്. ആയത് പൂർത്തീകരിക്കുന്നതിന് 15 മുതൽ 20 വർഷം വരെ വേണ്ടിവന്നേക്കും. പ്രാരംഭ ഘട്ടത്തിലായതിനാൽ ടി പ്രവർത്തനങ്ങൾ വിലയിരുത്താറായിട്ടില്ല. |
| (സി) | ജൈവ സമ്പത്തിന് ഭീഷണിയായി സംസ്ഥാനത്തെ വനമേഖലയിൽ വളർന്ന് പന്തലിക്കുന്ന അധിനിവേശ സസ്യങ്ങൾ സൃഷ്ടിക്കുന്ന ആഘാതം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നുണ്ടോ; വിശദമാക്കുമോ? | (സി) | ജൈവസമ്പത്തിന് ഭീഷണിയായി വനമേഖലയിൽ വളരുന്ന അധിനിവേശസസ്യങ്ങൾ അവ വളരുന്ന പ്രദേശത്തുള്ള സ്വാഭാവിക സസ്യജാലങ്ങളെ ഉന്മൂലനം ചെയ്യുന്നതായും ജൈവ വൈവിധ്യത്തെ ശോഷിപ്പിക്കുന്നതായും, വനങ്ങളുടെ സ്വാഭാവിക പാരിസ്ഥിതിക കർത്തവ്യങ്ങളെ തടയുന്നതായും കാണുന്നു.<br>കേരളത്തിലെ വനത്തിൽ കണ്ടുവരുന്ന വിനാശകാരികളായ അധിനിവേശസസ്യങ്ങളുടെ ഉന്മൂലനത്തിനായി റീബിൾഡ് കേരള ഇനിഷ്യേറ്റീവ് |

| | | | |
|---|---|---|---|
| | | | പ്രോജക്ട് മുഖാന്തിരം 100 കോടി രൂപയുടെ ഒരു ബൃഹത് പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ ആദ്യഘട്ടത്തിനായി 40 കോടി രൂപയുടെ ഭരണാനുമതി 20/10/2022 ലെ ജി.ഒ (ആർ.റ്റി)നം. 396 / 2022/ പി&ഇ.എ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. വയനാട് വന്യജീവി സങ്കേതത്തിലും നോർത്ത് വയനാട് ഡിവിഷനിലും വ്യാപകമായി കണ്ടുവരുന്ന സെന്ന (മഞ്ഞക്കൊന്ന) എന്ന അധിനിവേശ സസ്യത്തിന്റെ ഉന്മൂലനം ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. 28/11/2022-ൽ ചേർന്ന ഏഴാമത്തെ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി ടി പദ്ധതിയുടെ നടത്തിപ്പിനായി 2022-2023 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപ ആദ്യഗഡു അനുവദിച്ചിട്ടുണ്ട്. വയനാട് വൈൽഡ് ലൈഫ് ഡിവിഷനുകീഴിലെ തോൽപ്പെട്ടി, മുത്തങ്ങ എന്നീ റെയിഞ്ചുകളിലെ സൈറ്റ് സ്പെസിഫിക് പ്ലാൻ അംഗീകരിക്കുകയും തോൽപ്പെട്ടി റെയ്ഞ്ചിലെ ബാവേലി, മുത്തങ്ങ റെയിഞ്ചിലെ മുത്തങ്ങ ഇ.ഡി.സി കൾക്ക് പദ്ധതി നടത്തിപ്പിനായി 5 ലക്ഷം രൂപ വീതം മുൻകൂർ തുക നൽകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ വയനാട് വൈൽഡ് ലൈഫ് ഡിവിഷനിൽ സെന്ന(മഞ്ഞക്കൊന്ന)നിർമ്മാർജ്ജനം ചെയ്യുന്നതിന് 13.04.2022- ലെ സ.ഉ (കൈ.) നമ്പർ 17/2022/ വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 621.78 ലക്ഷം(ആറ് കോടി ഇരുപത്തിയൊന്ന് ലക്ഷത്തി എഴുപത്തിഎണ്ണായിരം രൂപ) രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അധിനിവേശ സസ്യങ്ങൾ നീക്കം ചെയ്ത് വനത്തിനകത്ത് മുളയുൾപ്പെടെയുള്ള തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നുണ്ട്. വ്യാവസായിക ആവശ്യത്തിനായി വച്ചുപിടിപ്പിച്ചിട്ടുള്ള ഏകവിള തോട്ടങ്ങൾ വർക്കിംഗ് പ്ലാൻ വ്യവസ്ഥയ്ക്ക് വിധേയമായി ഘട്ടംഘട്ടമായി സ്വാഭാവിക വനങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ